പുഴുത്തിവയ്പിനും വിലവർദ്ധനവിനും എതിരായി നടപടി

1142 [1821] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം നിത്യോപയോഗസാധനങ്ങളിൽ പലതും മാർക്കറ്റിൽനിന്നും അപ്രത്യക്ഷമായ വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങളാണ് മാർക്കറ്റിൽനിന്നും അപ്രത്യക്ഷമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുഴുത്തിവയ്പിനും വിലവർദ്ധനവിനും എതിരെ എന്തെല്ലാം നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) അവശ്യസാധന നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസിംഗ് ഉത്തരവുകളും വിലയും സ്റ്റോക്കും പ്രദർശിപ്പിക്കൽ ഉത്തരവുകളും ലംഘിക്കുന്നവരുടെമേൽ കർശനമായ നടപടികളെടുക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

നിത്യോപയോഗസാധനങ്ങളുടെ വിലയിൽ വർദ്ധനവ്

1143 [1822] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രബഡ്ജറ്റ് പാർലമെന്റിൽ അവതരിപ്പിച്ചതിനുശേഷം നിത്യോപയോഗസാധനങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങളിൻമേലാണ് വില വർദ്ധിച്ചിട്ടുള്ളതെന്നും എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) വിലവർദ്ധനവ് തടയുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവിനെ സംബന്ധിച്ച പത്രറിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സോപ്പിനും പഞ്ചസാരയ്ക്കും വിലവർദ്ധനവുണ്ടായിട്ടുണ്ട്. 1979 ഫെബ്രുവരി 28-നും മാർച്ച് 15-നുമിടയിൽ സോപ്പിന് 1.5 ശതമാനം മുതൽ 5 ശതമാനം വരെയും പഞ്ചസാരയ്ക്ക് 5 ശതമാനത്തോളവും ചില്ലറ വിലയിൽ വർദ്ധനയുണ്ടായതായി കണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിലയും സ്റ്റോക്കും പ്രദർശിപ്പിക്കൽ ഉത്തരവും മറ്റ് നിയന്ത്രണ ഉത്തരവുകളും കർശനമായി നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

റൈസ് മില്ലുകൾ

1144 [1823] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റൈസ് മില്ലുകൾക്ക് എന്നാണ് ആദ്യമായി ലൈസൻസ് നൽകിയത്;

(ബി) ലൈസൻസ് നൽകുന്നതിന് ഡെപ്പോസിറ്റ് തുക എത്രയായിരുന്നു;

(സി) പ്രസ്തുത ഡെപ്പോസിറ്റ് തുകയ്ക്ക് ബോണ്ട് നൽകിയിരുന്നുവോ;

(ഡി) ഈ ബോണ്ടിന്റെ കാലാവധി എന്നുവരെയാണ്;

(ഇ) 1960-നുശേഷം ലൈസൻസ് കൊടുക്കുവാൻ ഡെപ്പോസിറ്റായ 200 രൂപ പോസ്റ്റാഫീസിൽ നിക്ഷേപിക്കണമെന്നും അതിന് പാസ് ബുക്ക് നൽകണമെന്നും വ്യവസ്ഥ ഉണ്ടായിരുന്നോ;

(എഫ്) എങ്കിൽ അതിനുള്ള പ്രധാന നിരക്ക് എന്തായിരുന്നു.

(ജി) ബോണ്ടിന്റെ കാലാവധി അവസാനിച്ചവരുടെ ഡെപ്പോസിറ്റ് തുക പോസ്റ്റാഫീസിൽ നിക്ഷേപിച്ച് പാസ് ബുക്ക് നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) റൈസ് മില്ലിംഗ് ചട്ടങ്ങൾ 1959 നിലവിൽവന്ന 22-4-1959 മുതൽ.

(ബി) ഹള്ളർ മില്ലുകൾക്ക് 200 രൂപയും മറ്റിനം മില്ലുകൾക്ക് 500 രൂപയും.

(സി) ബോണ്ട് ആവശ്യമില്ലായിരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വിവിധ രീതിയിൽ ഡെപ്പോസിറ്റ് തുക നിക്ഷേപിക്കാവുന്നതാണ്. പോസ്റ്റാഫീസിൽ ഡെപ്പോസിറ്റ് തുക നിക്ഷേപിക്കണമെന്നുള്ളതും അതിന് പാസ് ബുക്ക് നൽകണമെന്നുള്ളതും നിലവിലുള്ള വ്യവസ്ഥകളിൽ ഒന്നുമാത്രമാണ്.

(എഫ്) അപ്പോഴപ്പോൾ കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്ന നിരക്ക് അനുസരിച്ച്.

(ജി) പോസ്റ്റാഫീസിൽ ഡെപ്പോസിറ്റ് തുക നിക്ഷേപിക്കാനുള്ള വ്യവസ്ഥ ഇപ്പോഴത്തെ നിലവിലുണ്ട്. സർട്ടിഫിക്കറ്റിന്റെ കാലാവധി തീരുന്ന മുറയ്ക്ക് പുതിയ സെക്യൂരിറ്റി നൽകിക്കൊണ്ട് കഴിഞ്ഞകാലങ്ങളിൽ സർട്ടിഫിക്കറ്റുകൾ മടക്കി വാങ്ങിവരുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly